LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനവും ചെലവും

25 [1032] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം എത്ര കോടി രൂപ വീതമായിരുന്നു; ഓരോ വർഷവും റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം വീതം ശമ്പളം, പെൻഷൻ, മൂലധനച്ചെലവ്, പലിശ, സാമൂഹ്യ ക്ഷേമ പദ്ധതികൾ എന്നിവയ്ക്കായി ചെലവഴിക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഭരണ, നവീകരണ പരിപാടികളുടെ ഭാഗമായി ശമ്പളം, പെൻഷൻ, പലിശ, സാമൂഹ്യക്ഷേമ പദ്ധതികൾ തുടങ്ങിയവ കുറച്ചു കൊണ്ടുവരാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

(സി) എങ്കിൽ നടപ്പു സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ, പലിശ, സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവയിൽ ചെലവ് ഏതെല്ലാം നിലയിൽ എത്ര കണ്ട് കുറച്ച് കൊണ്ടുവരികയാണുണ്ടായതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) (രൂപ കോടിയിൽ)

	1998-99	1999-2000	2000-01	2001-02	2002-03
1. റവന്യൂ വരുമാനം	7200.59	7943.81	8730.85	9056.39	10633.88
2. ശമ്പളം	45.20%	56.68%	51.45%	46.39%	43.99%
3. പെൻഷൻ	16.03%	22.76%	22.09%	20.29%	21.47%
4. പലിശ	20.08%	24.58%	25.86%	27.49%	27.71%
5. മൂലധനച്ചെലവ്	9.05%	8.16%	6.61%	6.16%	6.57%
6. സാമൂഹ്യക്ഷേമം തുടങ്ങിയവ	20.29%	17.18%	16.00%	13.49%	20.57%

(ബി)· ലക്ഷ്യമിടുന്നില്ല.

(സി) ഉദിക്കുന്നില്ല.

പെപ്സി, കൊക്കകോള കമ്പനികൾ നൽകുന്ന വില്പന നികുതി

26 [1033] ശ്രീ. കെ. ബാബു:

,, എൻ. ശക്തൻ:

,, കെ. സി. വേണുഗോപാൽ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെപ്സി, കൊക്കകോള കമ്പനികൾ സംസ്ഥാനത്ത് എന്തെല്ലാം ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്; ഇവ പ്രതിദിനം എത്ര കോളയും കുപ്പയിലടച്ച വെള്ളവും ഉല്പാദിപ്പിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇവ പ്രതിദിനം എത്ര തുക വില്പന നികുതിയിനത്തിൽ നൽകുന്നുണ്ട്;

(സി) ഇവർക്ക് നികുതി സംബന്ധമായി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) ഇവർ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പെപ്സി, കൊക്കകോള കമ്പനികൾ സംസ്ഥാനത്ത് കൊക്കകോള, ഫാന്റാ, സ്പ്രൈറ്റ് , മാങ്കോ ജ്യൂസ്, കിൻലി മിനറൽ വാട്ടർ, പെപ്സി, മിറിന്റ, 7 അപ്പ്, മൗണ്ടൻ വ്യൂ, അക്വാഫിനാ എന്നീ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവ പ്രതിദിനം ഉല്പാദിപ്പിക്കുന്ന കോളയുടെയും കുപ്പിയിലടച്ച വെള്ളത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു:

1.	കൊക്കകോള	..	20667 കെയ്സുകൾ
2.	ഫാന്റാ	..	200 ,,
3.	സ്പ്രൈറ്റ്	..	167 ,,
4.	മാങ്കോ ജ്യൂസ്	..	134 ,,

LIBRARY ARCHIVES Kerala Legislative Assembly